DESPATCHED
On.. 22/9/22.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1744(3)/2021** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.13486/*എസ്.ഐ.സി–ജി 1/2021*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 14.09.2022

ശ്രീ.സതീശൻ കെ,
ചരുവിള വീട്,
പാണിയിൽ,
ചാത്തന്നൂർ പി.ഒ,
കൊല്ലം. } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
 സെക്രട്ടറി,
 ചിറക്കര ഗ്രാമപഞ്ചായത്ത്,
 ചിറക്കരത്താഴം പി.ഒ,
 കൊല്ലം – 691 578.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
 താലൂക്ക് സപ്ലൈ ഓഫീസർ,
 താലൂക്ക് സപ്ലൈ ഓഫീസ്, കൊല്ലം.
3. അപ്പീൽ അധികാരി &
 ജില്ലാ സപ്ലൈ ഓഫീസർ,
 സിവിൽ സ്റ്റേഷൻ, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 18/02/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 13/03/2020 & 09/03/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27/01/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25/02/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21/10/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23/10/2021 |

## ഉത്തരവ്

കൊല്ലം ചിറക്കര ഗ്രാമപഞ്ചായത്ത് 2–ാം വാർഡിലെ ജനസംഖ്യ, വിവിധ ഇനം റേഷൻ കാർഡിൽ ഉൾപ്പെടുന്നവരുടെ വിശദ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് ടി പഞ്ചായത്തിലെ താമസക്കാരനും വോട്ടറുമായ

ചാത്തന്നൂർ, പാണിയിൽ, ചരുവിള വീട്ടിൽ ശ്രീ. സതീശൻ കെ. സമർപ്പിച്ച അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ചിറക്കര ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയില്ല എന്നും വിവരങ്ങൾ ലഭിക്കാൻ താലൂക്ക് സപ്ലൈ ഓഫീസിൽ കയറി ഇറങ്ങാൻ കാരണമാകുന്ന തരത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്തുവെന്നുമുള്ള പരാതി തീർപ്പാക്കുന്നതിന് 13.09.2022 ൽ കമ്മീഷൻ നേരിട്ട് ഹിയറിംഗ് നടത്തുകയുണ്ടായി. അപ്പീൽ ഹർജിക്കാരനും ചിറക്കര ഗ്രാമപഞ്ചായത്തിലെ എസ്.പി.ഐ.ഒ ആയ ശ്രീമതി. ദീപയും ജില്ലാ സപ്ലൈ ഓഫീസ് അപ്പീൽ അധികാരിയായ ശ്രീ. ബഷീർ എ.ആർ എന്നവരും ഹിയറിംഗിൽ ഹാജരായി.

2) ഇക്കാര്യത്തിൽ പഞ്ചായത്ത് നൽകിയ വിവരങ്ങളും തുടർന്ന് കൈക്കൊണ്ട നടപടികളും ശരിയാണെന്ന് കാണുന്നു. ശ്രീ. സതീശൻ ആവശ്യപ്പെട്ട ആറ് കാര്യങ്ങളിൽ രണ്ടെണ്ണത്തിന്റെ ലഭ്യമായ വിവരങ്ങൾ പഞ്ചായത്തിൽ നിന്ന് നൽകിയിട്ടുണ്ട്. തുടർന്ന് റേഷൻ കാർഡുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിന് താലൂക്ക് സപ്ലൈ ഓഫീസിലേയ്ക്ക് അപേക്ഷയുടെ പകർപ്പ് പഞ്ചായത്തിൽ നിന്ന് കൃത്യമായി എത്തിച്ചു കൊടുത്തു. താലൂക്ക് സപ്ലൈ ഓഫീസിൽ ഇക്കാര്യം കൈകാര്യം ചെയ്ത അന്നത്തെ എസ്.പി.ഐ.ഒ ബോധപൂർവ്വം അപേക്ഷകനെ വലയ്ക്കുകയും ശരിയായ വിവരങ്ങൾ കൈവശം ഉണ്ടായിരുന്നിട്ടും തെറ്റായ വിവരങ്ങൾ നൽകി വിവരാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിച്ച അപേക്ഷകനെ ബുദ്ധിമുട്ടിക്കുകയുമാണ് ചെയ്തതെന്ന് കമ്മീഷന് ബോധ്യമാകുന്നു. യഥാർത്ഥത്തിൽ ഒരു വാർഡിലെ റേഷൻ ഗുണഭോക്താക്കളിൽ പെട്ട മഞ്ഞ കാർഡ് അതിലെ കുടുംബങ്ങൾ, പിങ്ക് കാർഡ് അതിലെ മുൻഗണനാ കുടുംബാംഗങ്ങൾ, നീല കാർഡ് അതിലെ സബ്സിഡി ഗുണഭോക്താക്കൾ. വെള്ള കാർഡ് അതിലെ പൊതു വിഭാഗങ്ങൾ എന്നിവരുടെ വിവരങ്ങൾ അന്വേഷിച്ച ശ്രീ. സതീശന് എസ്.പി.ഐ.ഒ നൽകിയത് 2-ാം വാർഡിൽ പ്രവർത്തിക്കുന്നതും പല വാർഡുകളിലെ കുടുംബങ്ങൾ ആശ്രയിക്കുന്നതുമായ ആ റേഷൻ കടയിലെ മുഴുവൻ റേഷൻ ഉപഭോക്താക്കളുടെയും പട്ടിക ലഭ്യമാക്കുന്നതിന് പണമടയ്ക്കുന്നതിന് നിർബന്ധിക്കുന്ന മറുപടിയാണ്. അപ്രകാരം 320/- രൂപ അപേക്ഷകൻ ട്രഷറിയിൽ അടച്ചു. ARD 282-ാം നമ്പർ റേഷൻ കടയിലെ മുഴുവൻ ഉപഭോക്താക്കളുടെയും പട്ടികയാണ് അപ്രകാരം ശ്രീ. സതീശന് എസ്.പി.ഐ.ഒ ലഭ്യമാക്കിയത്. ഇത്

അപേക്ഷകനെ മന:പൂർവ്വം കഷ്ടപ്പെടുത്തുവാൻ ഉദ്ദേശിച്ച് നൽകിയതായി കാണുന്നു. 2-ാം വാർഡിലെ മേൽ സൂചിപ്പിച്ച വിവരങ്ങൾക്ക് അപേക്ഷകന് വെറും 45 പേജുകളുടെ പകർപ്പ് നൽകാവുന്നതും ആയതിന് ചെലവാകുന്ന 90/- രൂപ മാത്രം അടപ്പിക്കാവുന്നതുമായിരുന്നു. വിവരാവകാശ നിയമ പ്രകാരം നൽകിയ അപേക്ഷ കൈകാര്യം ചെയ്തതിൽ അന്നത്തെ എസ്.പി.ഐ.ഒ അക്ഷന്തവ്യമായ അനാസ്ഥയും കുറ്റകരമായ കൃത്യ വിലോപവും കാട്ടിയിട്ടുള്ളതായി കമ്മീഷന് ബോധ്യമാകുന്നു. ഈ സാഹചര്യത്തിൽ കൊല്ലം താലൂക്ക് സപ്ലൈ ഓഫീസിലെ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ക്കെതിരെ RTI Act പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കാതിരിക്കാൻ തക്കതായ കാരണമുണ്ടെങ്കിൽ ആയത് ശേഖരിച്ച് 2022 സെപ്റ്റംബർ 30-ാം തീയതിക്കകം_ ഈ കമ്മീഷൻ മുമ്പാകെ സമർപ്പിക്കാൻ കൊല്ലം ജില്ലാ സപ്ലൈ ഓഫീസറോട് നിർദ്ദേശിക്കുന്നു. കൂടാതെ ശ്രീ. സതീശനിൽ നിന്നും അധികമായി ഈടാക്കിയിട്ടുള്ള 230/- രൂപ 2022 സെപ്റ്റംബർ 30-ാം തീയതിക്കകം അപേക്ഷകന് നൽകേണ്ടതും ആയതിന്റെ കൈപ്പറ്റ് രസീത് 2022 ഒക്ടോബർ 11-ാം തീയതിക്കകം ഈ കമ്മീഷനിൽ കൊല്ലം ജില്ലാ സപ്ലൈ ഓഫീസർ ഹാജരാക്കേണ്ടതുമാണ്.

3. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 സെപ്റ്റംബർ മാസം 14-ാം തീയതി) താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

vkm